# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/198/2017 2017 സെപ്റ്റംബർ 22

## <u>പത്രക്കുറിപ്പ്</u>

**എം.ജി. പി.ജി. ഏകജാലകം: മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹത നേടിയവർ ഈ മാസം 26ന് വൈകുന്നേരം നാലു മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ പി.ജി. പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത ഈ മാസം 26ന് വൈകുന്നേരം നാലു മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ മാസം 26നകം ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനു ശേഷം 'കൺഫർമേഷൻ സ്ലിപ്പ്' കോളേജധികൃതരിൽ നിന്നും ചോദിച്ചു വാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നുറപ്പുവരുത്തേണ്ടതുമാണ്.

മൂന്നാം അലോട്ട്മെന്റിൽ പ്രവേശനത്തിന് അർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈനായി അടയ്ക്കുന്ന യൂണിവേഴ്സിറ്റി ഫീസിനു പുറമെ ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ ഒടുക്കി പ്രവേശനം ഉറപ്പാക്കേണ്ടതാണ്. ഒന്നും രണ്ടും അലോട്ട്മെന്റിൽ താൽക്കാലികമായി പ്രവേശനം നേടിയ അപേക്ഷകർ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഏതെങ്കിലും കാരണവശാൽ തുടരുന്നില്ലാത്തപക്ഷം തങ്ങളുടെ ടി.സി., അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ ബന്ധപ്പെട്ട കോളേജിൽ നിന്നും ഈ മാസം ഇരുപത്തിയാറാം തീയതിക്കു മുൻപായി കൈപ്പറ്റേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച എസ്.സി./എസ്.ടി. വിഭാഗം ഒഴിച്ചുള്ള എല്ലാ അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഈ മാസം 26ന് മുൻപ് സ്ഥിര പ്രവേശനം നേടാത്തപക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

വിവിധ പ്രോഗ്രാമുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന ട്യൂഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഹെൽപ്പ്ലൈൻ നമ്പറുകൾ: 0481-6555563, 2733379, 2733581.

**പരീക്ഷാ തീയതി**

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസത്തിലെ രണ്ടാം സെമസ്റ്റർ എം.എ.ജെ.എം.സി. (2016 അഡ്മിഷൻ റഗുലർ), രണ്ടാം സെമസ്റ്റർ എം.സി.ജെ. (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 3നും നാലാം സെമസ്റ്റർ എം.സി.ജെ. (2015 അഡ്മിഷൻ റഗുലർ & 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 4നും ആരംഭിക്കും.

**പുതുക്കിയ പരീക്ഷാ തീയതി**

ആഗസ്റ്റ് 16 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 4 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

ആഗസ്റ്റ് 2 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം വർഷ ബി.എസ്.സി. എം.എൽ.ടി. (പുതിയ സ്കീം -2015 അഡ്മിഷൻ റഗുലർ & 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 4 മുതലും ആഗസ്റ്റ് 16 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം വർഷ ബി.എസ്.സി. എം.എൽ.ടി. (സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 13 മുതലും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം. തിരുവല്ല മാർത്തോമാ കോളേജിലെ വൈദേഹി ശങ്കർ, മാന്നാനം കെ.ഇ. കോളേജിലെ രേഷ്മ രാജു, തിരുവല്ല

മാർത്തോമ്മാ കോളേജിലെ ബെറ്റ്സി ജോർജ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2017 മെയ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ (സോഷ്യൽ വർക്ക്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 4 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ ബി.കോം ഓഫ് ക്യാമ്പസ് (സി.ബി.സി.എസ്.എസ്. – റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 9 വരെ അപേക്ഷിക്കാം.

**എം.ബി.എ. ഉത്തരക്കടലാസ്**

2017 ആഗസ്റ്റ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഉത്തരക്കടലാസുകൾ സർവ്വകലാശാലാ പരീക്ഷാഭവനിൽ പ്രവർത്തിക്കുന്ന മൂല്യനിർണ്ണയക്യാമ്പിൽ സെപ്തംബർ 25ന് മുൻപായി ബന്ധപ്പെട്ട എല്ലാ കോളേജുകളിൽ നിന്നും എത്തിക്കേണ്ടതാണ്.

**ഇന്റർവ്യൂ മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയിൽ കരാറടിസ്ഥാനത്തിൽ ലാബ് സ്റ്റാഫ് (ടെക്നിക്കൽ), ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമിക്കുന്നതിന് ഒക്ടോബർ 6ന് നടത്താൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

**ബെസ്റ്റ് കോളേജ് മാഗസിൻ മത്സരം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പ്രസിദ്ധീകരിച്ച, 2016–17 അദ്ധ്യയന വർഷത്തിലെ ഏറ്റവും മികച്ച കോളേജ് മാഗസിനുകൾ തെരഞ്ഞെടുക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസിന്റെ ആഭിമുഖ്യത്തിൽ മത്സരം സംഘടിപ്പിക്കുന്നു. ഏറ്റവും മികച്ച കോളേജ് മാഗസിനുകൾക്ക് ഒന്നാം സമ്മാനമായി പതിനായിരം രൂപയും രണ്ടാം സമ്മാനമായി ഏഴായിരത്തി അഞ്ഞൂറ് രൂപയും മൂന്നാം സമ്മാനമായി അയ്യായിരം രൂപയും രണ്ടായിരത്തി അഞ്ഞൂറ് രൂപ വീതമുള്ള രണ്ട് പ്രോത്സാഹനസമ്മാനങ്ങളും ലഭിക്കും. കൂടാതെ മാഗസിൻ എഡിറ്റർ, സ്റ്റാഫ് എഡിറ്റർ എന്നിവർക്ക് സർട്ടിഫിക്കറ്റുകളും സമ്മാനിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള മാഗസിൻ എഡിറ്റർമാർ 2016–17 അദ്ധ്യയനവർഷത്തെ കോളേജ് മാഗസിന്റെ മൂന്ന് കോപ്പികൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം സഹിതം, ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം – 686 560 എന്ന വിലാസത്തിൽ ഒക്ടോബർ 10ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**